**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1253** **07-02-2023 - ൽ മറുപടിയ്ക്ക്**

**റോഡുകളുടെ ആധുനികീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സജീവ് ജോസഫ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ റോഡുകളുടെ ആധുനികരണത്തിന്റെ ഭാഗമായി വളവുകൾ നിവർത്തി റോഡ് നിർമ്മിക്കുന്നത് മൂലം വിവിധ സ്ഥലങ്ങൾ തമ്മിലുള്ള ദൂരത്തിൽ കുറവ് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വളവുകൾ നിവർത്തി റോഡ് നിർമ്മിക്കുന്നതു മൂലം വിവിധ സ്ഥലങ്ങൾ തമ്മിലുള്ള ദൂരത്തിൽ നേരിയ കുറവ് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരം റോഡുകളിലെ സൈൻബോർഡുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ദൂരം പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) | റോഡ് നവീകരണ പ്രവൃത്തികൾ നടത്തുന്ന വേളയിൽ ശരിയായ ദൂരം രേഖപ്പെടുത്തിക്കൊണ്ടുള്ള ബോർഡുകൾ സ്ഥാപിക്കാറുണ്ട്. കൂടാതെ അസറ്റ് രജിസ്റ്ററിലും ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നു. |
| (സി) | ഇപ്രകാരം റോഡിന്റെ ദൈർഘ്യത്തിൽ വന്ന കുറവ് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള നോട്ടിഫിക്കേഷൻ / ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ? | (സി) | പൊതുമരാമത്ത് വകുപ്പിൽ നിന്നും റോഡ് ദൈർഘ്യത്തിൽ വന്ന കുറവ് സംബന്ധിച്ച് നോട്ടിഫിക്കേഷൻ / ഉത്തരവ് ഒന്നും തന്നെ പുറപ്പെടുവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ